# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1747** — **16.06.2014- ൽ മറുപടിക്ക്**

## വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനം

**ചോദ്യം**

**ശ്രീ. എ.എ.അസീസ് :**

**മറുപടി**

**ശ്രീ. കെ.ബാബു**
**(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി)**

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏതുവരെയായി എന്ന് വിശദമാക്കുമോ;

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയ്ക്ക് 2014 ജനുവരി മാസം 3-ാം തീയതി പാരിസ്ഥിതികാനുമതി ലഭിച്ചു. പാരിസ്ഥിതികാനുമതി ലഭിക്കുന്നതിന് മുമ്പ് നിയമപരമായി നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കാനാവില്ല.

പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കാൻ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

- പദ്ധതിയ്ക്ക് ആവശ്യമായ ഭൂമിയുടെ (റയിൽവേ ഒഴികെയുള്ള) 90% ഏറ്റെടുത്തു. പുനരധിവാസ പ്രവർത്തനങ്ങൾ നടപ്പിലാക്കി.
- പദ്ധതിയുടെ ഡീറ്റെയ്ൽഡ് പ്രോജക്ട് റിപ്പോർട്ടും മാസ്റ്റർ പ്ലാനും തയ്യാറാക്കുകയും പദ്ധതി നിർവ്വഹണത്തിനു വേണ്ടിയുള്ള സാങ്കേതിക പഠനങ്ങൾ പൂർത്തിയാക്കുകയും ചെയ്തു.
- തുറമുഖത്തിന് ആവശ്യമായ ജലം എത്തിക്കുന്നതിനുള്ള പദ്ധതി പൂർത്തിയാക്കി. അതിൽ നിന്നും തദ്ദേശവാസികൾക്കു കുടിവെള്ളം വിതരണം ചെയ്യുന്ന സാമൂഹിക പ്രതിബദ്ധതാ പദ്ധതിയും പൂർത്തിയാക്കി.

- പദ്ധതിയ്ക്ക് ആവശ്യമായ വൈദ്യുതി എത്തിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും സമയബന്ധിതമായി പൂർത്തിയാക്കുവാനുള്ള നടപടി ക്രമങ്ങൾ സ്വീകരിച്ചു വരുന്നു.
- റെയിൽ കണക്ടിവിറ്റിക്കുള്ള സർവ്വേ പൂർത്തിയാക്കി കരട് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര റയിൽവേയുടെ അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ആരംഭിച്ചു.
- പദ്ധതിക്ക് കേന്ദ്ര സർക്കാരിൽ നിന്നും Viability Gap Funding (VGF) ലഭ്യമാക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പൂർത്തിയാക്കി കേന്ദ്ര സർക്കാരിന് അപേക്ഷ സമർപ്പിച്ചു.
- പദ്ധതി നിർമ്മാണത്തിനും നടത്തിപ്പിനു മുള്ള സ്വകാര്യ പങ്കാളിയെ കണ്ടെത്തുന്ന തിനുള്ള ആഗോള ടെണ്ടർ നടപടികൾ പാരിസ്ഥിതികാ നുമതി ലഭിച്ച ഉടൻ ആരംഭിച്ചു. ആഗസ്റ്റ് മാസത്തോടുകൂടി സ്വകാര്യ പങ്കാളിയെ കണ്ടെത്തി ഡിസംബർ മാസത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുവാനുള്ള പദ്ധതികൾ ആവിഷ്കരിച്ചു.
- പദ്ധതിക്ക് Cabotage നിയമത്തിൽ ഇളവ് ലഭിക്കുന്നതിനായുള്ള അപേക്ഷ കേന്ദ്ര സർക്കാരിന് സമർപ്പിച്ചു.

| | |
|---|---|
| (ബി) റെയിൽ, റോഡ്, കുടിവെള്ള പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ: | (ബി) പദ്ധതി പ്രദേശത്തേക്ക് 3.3 എം.എൽ.ഡി. ജലം എത്തിക്കുന്നതിനുള്ള പണി പൂർത്തീകരിച്ചു. ഇതിൽ 1.5 എം.എൽ.ഡി ശുദ്ധജലം തദ്ദേശവാസികൾക്ക് നൽകിക്കൊണ്ട് സാമൂഹിക പ്രതിബദ്ധതാ പദ്ധതിയ്ക്കും തുടക്കം കുറിച്ചു. പദ്ധതിയ്ക്കാവശ്യമായ വൈദ്യുതി എത്തിക്കുന്നതിന് കാട്ടാക്കട- ബാലരാമപുരം |

വിഴിഞ്ഞം ബന്ധിപ്പിക്കുന്ന 220 കെ.വി.ലൈൻ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നു. ...തി പ്രദേശത്തേക്കുള്ള റെയിൽ നിർമ്മാണം ഇന്ത്യ ഗവൺമെന്റിന്റെ റെയിൽ ബഡ്ജറ്റിൽ ലാസ്റ്റ് മൈൽ കണക്ടിവിറ്റിയായി ചേർത്തിട്ടുണ്ട്. തലസ്ഥാനത്ത് പുതുതായി അനുവദിച്ച മോണോ റെയിലിന്റെ നിർദ്ദിഷ്ട പാത തുറമുഖ പദ്ധതിയുടെ മുൻ നിശ്ചയിച്ചിരുന്ന പാതയുമായി കൂട്ടിമുട്ടുന്നതിനാൽ, റയിൽ വികാസ് നിഗം ലിമിറ്റഡ് (ആർ.വി.എൻ.എൽ) മോണോറെയിൽ പദ്ധതിയെ ബന്ധിക്കാതെ തറനിരപ്പിൽ കൂടിയുള്ള ഒരു പുതിയ പാത കണ്ടെത്തി പഠിക്കാൻ നിർദേശം നൽകുകയുണ്ടായി. റയിൽ വികാസ് നിഗം ലിമിറ്റഡ് ഇതനുസരിച്ച് പഠനം നടത്തി വിശദമായ പഠന റിപ്പോർട്ട് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കമ്പനിക്ക് സമർപ്പിക്കുയും ചെയ്തിട്ടുണ്ട്

| | | | |
|---|---|---|---|
| (സി) | തുറമുഖം എന്ന് കമ്മീഷൻ ചെയ്യാനാകുമെന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | പാരിസ്ഥിതികാനുമതിയുമായി ബന്ധപ്പെട്ട് ദേശീയ ഹരിത ട്രിബ്യൂണലിന്റെ ഡൽഹി പ്രിൻസിപ്പൽ ബെഞ്ചിലും, ചെന്നൈ ബെഞ്ചിലും നിലവിലുള്ള നാലോളം കേസ്സുകൾ എത്രയും പെട്ടെന്ന് തീർപ്പാക്കാൻ ശ്രമിക്കുന്നതോടൊപ്പം ടെണ്ടർ നടപടി ക്രമങ്ങൾ ആഗസ്റ്റ് മാസം അവസാന ത്തോടുകൂടി പൂർത്തിയാക്കി ഡിസംബറിൽ ആദ്യഘട്ടം നിർമ്മാണം തുടങ്ങുവാനാണ് ഇപ്പോൾ നിശ്ചയിച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ